"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണവകുപ്പ് – എറണാകുളം ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ ഭവനനാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ധനസഹായം നൽകി ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.218/2026/DMD തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:- 1. 22/04/2026 തീയതിയിലെ എറണാകുളം ജില്ലാ കളക്ടറുടെ DCEKM/13688/2025-D2 നമ്പർ കത്ത്.

**ഉത്തരവ്**

2023, 2024, 2025 എന്നീ വർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2,37,92,500/-(രണ്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയുടെ ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷകരുടെ വിവരങ്ങൾ, നാശ നഷ്ടത്തിന്റെ തോത്, അർഹതപ്പെട്ട തുക എന്നിവയുടെ വിവരങ്ങൾ പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023, 2024, 2025 എന്നീ വർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി 2245-02-113-99 Repair to Houses എന്ന ശീർഷകത്തിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് 2,37,92,500/- (രണ്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അനുവദിച്ചു നൽകുന്നു.

(3) മേൽ തുക എറണാകുളം ജില്ലാ കളക്ടർക്കു അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(4) നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ

രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 15-05-2026 16:13:42**
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, എറണാകുളം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (DMA3/5/2026-DMD)